(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം നടന്നു വന്നിരുന്നതും നിർമ്മാണം ആരംഭിച്ചതുമായ 15 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. ആകെ 200.35 മെഗാവാട്ടിന്റെ വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ പുനരുദ്ധാരണ നവീകരണ പദ്ധതികൾവഴി 9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. സ്വകാര്യ മേഖലയിൽ 100 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. സോളാർ മേഖലയിൽ പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിവഴി ഓഫ് ഗ്രിഡായി ആകെ 10 മെഗാവാട്ട് വൈദ്യുതി ഉല്പാദനവും സോളാർ കണക്ട് പദ്ധതിവഴി ശൃംഖലാബന്ധിതമായി ആകെ 12 മെഗാവാട്ട് വൈദ്യുതി ഉല്പാദനവുമാണ് ലക്ഷ്യമിടുന്നത്. കഴൽമന്ദത്ത് സ്ഥാപിക്കുന്ന യൂട്ടിലിറ്റി സ്കെയിൽ സോളാർ പവർ പ്ലാന്റ് വഴി 2 മെഗാവാട്ട് ഉല്പാദനശേഷിയാണ് ലക്ഷ്യമിടുന്നത്. നവനവീകരണ ഊർജ്ജം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കുന്നതിനായി പൂർത്തീകരിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും ലക്ഷ്യം വച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം (2)* ആയി ചേർത്തിട്ടുണ്ട്.

(സി) പദ്ധതിക്കാവശ്യമായ ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസംമൂലവും പരിസ്ഥിതി, വനം വകുപ്പുകളിൽനിന്നും പദ്ധതിക്കാവശ്യമായ ക്ലിയറൻസ് യഥാസമയം ലഭിക്കാത്തതിനാലും പ്രകൃതിക്ഷോഭം, തദ്ദേശവാസികളുടെ എതിർപ്പ് എന്നിവമൂലവും പണി തടസ്സപ്പെട്ടതിനാൽ ചില പദ്ധതികൾ പ്രതീക്ഷിച്ച രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് ലക്ഷ്യമിട്ട ഉല്പാദനം സാദ്ധ്യമാക്കാൻ കഴിയാതിരുന്നത്.

വ്യവസായ നിക്ഷേപ പദ്ധതികൾ

13(*193) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനുദ്ദേശിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി എന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾമൂലം വ്യവസായ മേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രവാസികളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നിക്ഷേപക സാദ്ധ്യതകളെ ഉയർത്തിക്കാട്ടുന്നതിനായി എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചു. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് വ്യവസായ സംഗമം സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി യുവസംരംഭക സംഗമവും യെസ് ക്യാൻ 2015 സംഗമവും സംഘടിപ്പിച്ചു. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കു ന്നതിനായി വി മിഷൻ സംഘടിപ്പിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനുദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരത്തിലൊരു പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കാൻ സാദ്ധ്യതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുകയെന്ന ലക്ഷ്യത്തോടെ നോർക്ക റൂട്ട്സ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. നിക്ഷേപം വർദ്ധിപ്പിക്കു ന്നതിനുവേണ്ടി നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവാസി സംഗമത്തിൽ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രത്യേക വിഷയമായി ഉൾപ്പെടുത്തിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly